# താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, തിരുവല്ല

തിരുവല്ല പി. ഒ, പിൻ – 689 101, ഫോൺ നമ്പർ – 0469 2602494

**Mail ID: thqhtvl@gmail.com**


നം.ബി-128/21. തീയതി: 29/01/2021

## ദർഘാസ് നോട്ടീസ്

തിരുവല്ല താലൂക്ക് ആസ്ഥാന ആശുപത്രിയിലെ 2021-22 സാമ്പത്തിക വർഷത്തേക്ക് മെഡിക്കൽ ഓക്സിജൻ നൈട്രസ് ഓക്സൈഡ്, എന്നീ സിലിണ്ടറുകൾ ആവശ്യാനുസരണം നിറയ്ക്കുന്നതിലേക്ക് 01/04/2021 മുതൽ 31/03/2022 വരെയുള്ള കാലയളവിലേക്ക് താൽപര്യമുള്ള അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും/വിതരണക്കാരിൽ നിന്നും മുദ്രവച്ച ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. ദർഘാസ് ഫോറം തിരുവല്ല താലൂക്ക് ആശുപത്രി ആഫീസിൽ നിന്നും പ്രവർത്തി ദിവസം രാവിലെ 10.30 മുതൽ 3.30വരെ ലഭിക്കുന്നതാണ്, ദഗർഘാസ് ഫോറം ലഭിക്കുന്ന അവസാന തീയതി 27/02/2021 പകൽ 12.30വരെ. പൂരിപ്പിച്ച ദർഘാസുകൾ നിയമാനുസൃത സെക്യൂരിറ്റി തുകആയ 5000/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റും 200/- രൂപയുടെ പ്രഥമിക ഉടമ്പടിയും സഹിതം അന്നേ ദിവസം 3 മണിക്ക് മുമ്പായി ഈ ആഫീസിൽ സമർപ്പിക്കേണ്ടതാണ്. കൃത്യസമയം കഴിഞ്ഞ് സമർപ്പിക്കുന്ന ദർഘാസുകൾ സ്വീകരിക്കുന്നതില്ല. കൃത്യ സമയത്ത് സമർപ്പിക്കുന്ന ദർഘാസുകൾ സ്ഥാപനത്തിന്റെയോ വിതരണക്കാരുടെയോ അംഗീകൃത പ്രതിനിധികളുടെയോ സാന്നിധ്യത്തിൽ 28/02/2021ൽ രാവിലെ 11 മണിക്ക് ആശുപത്രി ഓഫീസീൽ വച്ച് തുറന്ന് പരിശോധിക്കുന്നതാണ്. ഏറ്റവും കുറഞ്ഞ തുക നിർദ്ദേശിക്കുന സ്ഥാപനത്തിന്റെ/വിതരണക്കാന്റെ ദർഘാസ് ഉറപ്പിക്കുന്നതും ആകുന്നു. ദർഘാസുകൾ കാരണം കൂടാതെ നിരസിക്കുന്നതിനും ദർഘാസുകൾ മാറ്റിവയ്ക്കുന്നതിനുമുള്ള അധികാരം ആശുപത്രി സൂപ്രണ്ടിൽ നിക്ഷിപ്തമാണ്. ദർഘാസ് ഉറപ്പിക്കുന്നതിനും, പദ്ധതി നടപ്പിലാക്കുന്നതും സർക്കാർ നിയമങ്ങൾക്ക് വിധേയമായിരിക്കും. ദർഘാസ് ലഭിക്കുന്ന സ്ഥാപനം/ വിതരണക്കാരൻ 200/- രൂപയുടെ മുദ്രപ്പത്രത്തിൽ ഉടമ്പടി വയ്ക്കേണ്ടതാണ്. ഏത് സമയത്തും ഉടമ്പടി അവസാനിപ്പിക്കുവാനുള്ള അവകാശം ആശുപത്രി സൂപ്രണ്ടിൽ നിക്ഷിപ്തമായിരിക്കും. ദിർഘാസ് ഫോറത്തിന്റെ വില 500/- രൂപ 0210-01-800-98 എന്ന ശീർഷകത്തിൽ ട്രഷറിയിൽ അടച്ച് ചെലാൻ ഹാജരാക്കുന്നവർക്ക് മാത്രമേ ദർഘാസ് ഫോറം നൽകുകയുള്ളൂ. ദിർഘാസ് ഫോറത്തിന്റെ നിയമാനുസൃത നികുതി 90/- രൂപ ഓഫീസിൽ ഒടുക്കേണ്ടതാണ്. ദർഘാസ് ഫോറം ഉൾക്കൊള്ളുന്ന കവറിനു മുകളിൽ ദർഘാസ് നമ്പരും, തീയതിയും ദർഘാസിന്റെ പേരും രേഖപ്പെടുത്തേണ്ടതാണ്. ടി ദർഘാസ് സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ പ്രവർത്തി ദിവസം ഓഫീസിൽ നിന്നും നേരിട്ടറിയാവുന്നതാണ്.

സിലിണ്ടറുകളുടെ വിശദാംശങ്ങൾ

1. **Medical Oxygen – Bulk**
2. **Medical Oxygen – B type**
3. **Pin $N_2O$**

സൂപ്രണ്ട്.

പകർപ്പ്:

1. നോട്ടീസ് ബോർഡ്.
2. മുൻസിപ്പൽ ഓഫീസ്, തിരുവല്ല
3. താലൂക്ക് ഓഫീസ്
4. ജില്ലാ ഇൻഫർമേഷൻ ഓഫീസർ (പി.ആർ.ഡി)
5. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), പത്തനംതിട്ട
6. ആരോഗ്യ വകുപ്പ് ഡയറക്ടർ ( വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)